ഉത്തരം

(എ) ഇല്ല.

(ബി—ഡി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നയപരമായ തീരുമാനം കൈക്കൊള്ളുമ്പോൾ ഇക്കാര്യം പരിഗണിക്കുന്നതാണ്.

ആലപ്പുഴ ജില്ലയിലെ സർക്കാർ സ്കൂളുകളിലെ ജൂനിയർ ഹിന്ദി ടീച്ചർമാരുടെ ഒഴിവുകൾ നികത്താൻ നടപടി

98 [T3276] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ സർക്കാർ സ്കൂളുകളിലെ ജൂനിയർ ഹിന്ദി ടീച്ചർമാരുടെ എല്ലാ ഒഴിവുകളും പി.എസ്.സി. വഴി നികത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇനി എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി നികത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ എ.വി.റ്റി. മെമ്മോറിയൽ സി.എം.എസ്. ഹൈസ്കൂളിന് അംഗീകാരം നൽകുന്ന നടപടി

99 [3277] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ എ.വി.റ്റി. മെമ്മോറിയൽ സി.എം.എസ്. ഹൈസ്ക്കൂളിന് അംഗീകാരം നൽകി ഉത്തരവായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭാഷാ ന്യൂനപക്ഷ പരിഗണനയിൽ ഈ സ്കൂളിന് അംഗീകാരം നൽകി ഉത്തരവാകാത്തത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ;

(സി) ഈ സ്ക്കൂളിന് ഭാഷാ ന്യൂനപക്ഷ പരിഗണന നൽകി ഉത്തര വാകുവാൻ ഭാഷാന്യൂനപക്ഷ കമ്മീഷണർ ശുപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സ്ക്കൂളിന് അംഗീകാരം നൽകുവാൻ തീരുമാനം കൈക്കൊണ്ടി ട്ടുള്ളത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) പ്രസ്തുത സ്ക്കൂളിന് എയിഡഡ് ആയി അംഗീകാരം നൽകണമെന്നതാണ് ആവശ്യം. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഇക്കാര്യം സംബന്ധിച്ച കേരള സ്റ്റേറ്റ് ലിംഗ്വിസ്റ്റിക് മൈനോരിറ്റീസ് തമിഴ് ടീച്ചേഴ്സ് അസോസിയേഷന്റെ നിവേദനം ഭാഷാന്യൂനപക്ഷ കമ്മീഷണർ സർക്കാരിന് നൽകിയത് പരിശോധിച്ചുവരുന്നു.

(ഡി) തീരുമാനം കൈക്കൊണ്ടിട്ടില്ല.

ഹൈസ്ക്കൂളിലേക്ക് പ്രമോട്ട് ചെയ്യപ്പെട്ട അദ്ധ്യാപകരുടെ പ്രൊമോഷൻ ആനുകൂല്യങ്ങൾ തിരിച്ചുപിടിക്കുന്നതിനുള്ള ഉത്തരവ്

100 [3278] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി സർവീസിൽ നിന്ന് ഹൈസ്ക്കൂളിലേക്ക് പ്രമോട്ട് ചെയ്യപ്പെട്ട അദ്ധ്യാപകരുടെ ഗ്രേഡ് പ്രൊമോഷനുമായി ബന്ധപ്പെട്ട് നൽകിയ ആനുകൂല്യങ്ങൾ തിരിച്ചുപിടിക്കാനുള്ള ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ചുള്ള ഹൈക്കോടതി വിധി സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ഇതു സംബന്ധിച്ച് ഏതാനും പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly